# പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2563** — 9/3/2017-ലെ മറുപടിയ്ക്ക്

## കൈവല്യ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. ശിവകുമാർ<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. അനിൽ അക്കര | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പുനരധിവാസ പദ്ധതിയായ കൈവല്യയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | എ) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നവീന പദ്ധതിയാണ് 'കൈവല്യ'. ഈ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള 4 ഘടകങ്ങളുണ്ട്:-<br>(1) വൊക്കേഷണൽ & കരിയർ ഗൈഡൻസ്<br>(2) കപ്പാസിറ്റി ബിൽഡിങ്<br>(3) മത്സരപ്പരീക്ഷകൾക്കു തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി<br>(4) പലിശ രഹിത സ്വയം തൊഴിൽ വായ്പ പദ്ധതി<br>പ്രസ്തുത 4 ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം സാധ്യമാക്കുകയെന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |
| ബി) ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; | ബി)<br>1. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ഒരു ഡാറ്റാബാങ്ക് തയ്യാറാക്കുകയാണ് ആദ്യം ചെയ്യുക.<br>2. പ്രസ്തുത ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക്, അവരുടെ അഭിരുചി, താൽപ്പര്യം എന്നിവ മനസ്സിലാക്കി ആവശ്യമായ പരിശീലനം നൽകുന്നതാണ്.<br>3. സ്വയം തൊഴിൽ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് വിദഗ്ധ പരിശീലനം നൽകുന്നതാണ് . |

4. സ്വയം തൊഴിൽ മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് താല്പര്യം സൃഷ്ടിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനും സംരംഭകത്വ പരിശീലനം നൽകുന്നതാണ്.
5. ഉദ്യോഗാർത്ഥികൾക്ക് താല്പര്യമുള്ള മേഖലയിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നതാണ്
6. റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, എംപ്ലോയബിലിറ്റി സെന്റർ, വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ തുടങ്ങി ഈ രംഗത്തു പ്രവർത്തിക്കുന്ന സർക്കാർ / സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതാണ് .

| | |
|---|---|
| സി) പ്രസ്തുത പദ്ധതി ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | സി) കൈവല്യ പദ്ധതി പൂർണ്ണമായും സർക്കാർ പദ്ധതിയാണ്. പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ചുമതല എംപ്ലോയ്മെന്റ് വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ